# ‘കർത്താവിന്റെ സ്നേഹിതന്മാർ’

## യോഹന്നാൻ 15:15

‘‘യജമാനൻ ചെയ്യുന്നതു ദാസൻ അറിയായ്കകൊണ്ടു ഞാൻ നിങ്ങളെ ദാസന്മാർ എന്നു ഇനി പറയുന്നില്ല; ഞാൻ എന്റെ പിതാവിനോടു കേട്ടതു എല്ലാം നിങ്ങളോടു അറിയിച്ചതു കൊണ്ടു നിങ്ങളെ സ്നേഹിതന്മാർ എന്നു പറഞ്ഞിരിക്കുന്നു.’’

സ്നേഹിതന്മാർ അഥവാ friends മനുഷ്യജീവിതത്തിന്റെ വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു ഘടകമാകുന്നു. രണ്ടു കാര്യങ്ങളാണ് മനുഷ്യനെ വളരെയധികം സ്വാധീനിക്കുന്നതെന്ന് നാടൻ ഭാഷയിൽ നാം പറയാറുണ്ട്. അതേ, നമ്മുടെ കൂട്ടുകാരും, വായിക്കുന്ന പുസ്തകങ്ങളും. അതുകൊണ്ട് ഇവ രണ്ടും ശ്രദ്ധയോടെ തിരഞ്ഞെടുക്കണം എന്നും നമുക്ക് അറിയാം. ഇവിടെ ദൈവവചനത്തിൽ നാം വായിക്കുന്നു ‘ഞാൻ ഇനി നിങ്ങളെ ദാസന്മാർ എന്നല്ല സ്നേഹിതന്മാർ എന്നാകുന്നു’ വിളിക്കുന്നത്.

കർത്താവായ യേശുക്രിസ്തുവിന്റെ ദൈവികസ്നേഹത്തിന്റെ വലിയ ഒരു പ്രകടനം ആണ് ഈ വാക്കുകളിലൂടെ നാം കാണുന്നത്. ഒരു അടിമ അഥവാ ദാസൻ എന്ന് പറയുമ്പോൾ അവൻ വളരെ യാന്ത്രികമായി തന്റെ യജമാനനെ അനുസരിക്കുന്ന വനാകുന്നു. ഒരു സ്നേഹത്തിന്റെ ഭാഷ അവർ തമ്മിൽ കൈമാറുന്നില്ല. യജമാനന്റെ ഹൃദയം ദാസൻ അറിയുന്നില്ല. അവൻ ആജ്ഞാപിക്കുന്നതും പറയുന്നതും ദാസന് ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും അനുസരിക്കാൻ നിർബന്ധിതനാണ്. കല്പിക്കുന്നതിന്റെ പിന്നിലെ അത്യന്തികമായ ഉദ്ധേശമോ ലക്ഷ്യമോ ദാസന് മനസ്സിലാകുന്നില്ല. യജമാനനും അതേ അവസ്ഥയിലാകുന്നു. അവന്റെ ദാസന്റെ പ്രവൃത്തിമാത്രം നോക്കുന്നു. താൻ പറയുന്നത് അക്ഷരം പ്രതി അനുസരിക്കണം എന്നത് മാത്രമാണ് അവന്റെ ലക്ഷ്യം. അതിനു വിരുദ്ധമായി എന്തെങ്കിലും ഭവിച്ചാൽ ശിക്ഷയും തീർച്ചയായും ലഭിക്കും.

യേശുകർത്താവ് ഇവിടെ നമ്മെ ‘സ്നേഹിതന്മാർ’ എന്നു വിളിച്ചതിന്റെ കാരണവും അവൻ പറയുന്നു. അതേ, പിതാവിന്റെ അടുത്തു നിന്ന് അവൻ കേട്ടതും, പ്രാപിച്ചതും, അറിഞ്ഞതും എല്ലാം നമ്മോട് അവൻ അറിയിച്ചു. എത്ര മഹത്തായ സ്നേഹത്തിന്റെ പ്രദർശനം ആകുന്നു. ആ ഹൃദയം മുഴുവനായും നമുക്കുവേണ്ടി തുറക്കപ്പെട്ടു. വെറും ആജ്ഞകൾ മാത്രം തരുന്ന ഒരു യജമാനൻ അല്ല, മറിച്ച് നമ്മെ നന്നായി അറിഞ്ഞ് ഉപദേശിക്കുന്നവൻ, വഴി നടത്തുന്നവൻ, കല്പിക്കുന്നവൻ, ബാലശിക്ഷ തരുന്നവൻ, അവൻ എല്ലാം എല്ലാം ആകുന്നു. വലിയ ഒരു സഖിത്വത്തിലേയ്ക്കുള്ള വിളി ആണ്

അവൻ തന്നത്. ശിഷ്യന്മാരോട് അവൻ ഇതുകൂടെ നടന്നപ്പോൾ പറഞ്ഞും പഠിപ്പിച്ചും കൊടുത്തു. എന്നാൽ തന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷവും അവൻ വീണ്ടും വരും വരെയും ഈ സഖിത്വം ഉറപ്പിച്ചും കൊണ്ടാണ് കടന്നുപോയത്. **John 14:25** ൽ "ഞാൻ നിങ്ങളോടുകൂടെ വസിക്കുമ്പോൾ ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു. എങ്കിലും പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവു എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും" എന്ന് പറയുന്നു. എത്ര മഹത്തായ ഉറപ്പുള്ള ഒരു ബന്ധത്തിന്റെ വിളിയാണ് അവൻ നമുക്ക് തന്നത്.

സ്നേഹിതന്മാരെ ലോകപ്രകാരം നാം തിരഞ്ഞെടുക്കുമ്പോൾ വളരെ ശ്രദ്ധിക്കും. എന്നാൽ കർത്താവ് കുറവുകളുള്ളതായ നമ്മെ സ്നേഹിതൻമാരായി തിരഞ്ഞെടുത്ത താകുന്നു, നാം അവനെ തിരഞ്ഞെടുത്തതല്ല. **(John15:16)** ലോകം മുഴുവൻ പാപം ചെയ്തത് അവന്റെ ശത്രുത്വത്തിലായിരുന്നു എന്ന് റോമാലേഖനം നമ്മെ പഠിപ്പിക്കുന്നു. ആ സ്ഥാനത്ത് പിതാവാം ദൈവത്തിന്റെ നമ്മോടുള്ള സ്നേഹം, ദൈവികപദ്ധതി, നിത്യമായ വീണ്ടെടുപ്പ് ഇവയൊക്കെ പുത്രന് വെളിപ്പെടുത്തിയപ്പോൾ, നമ്മെ ഓരോരുത്തരെയും കർത്താവ് തന്റെ സ്നേഹിതന്മാരായി തെരഞ്ഞെടുത്തു. തന്റെ അപ്പൻ പകർന്നു കൊടുത്തതെല്ലാം പുത്രത്വത്തിന്റെ അവകാശത്തിനായി നമുക്ക് ചൊരിഞ്ഞുതന്ന ദൈവകൃപ എത്ര വലുതാകുന്നു.

അതേ, ഈ സ്നേഹബന്ധം ലോകത്തിലുള്ള മറ്റേതൊരു ബന്ധത്തെക്കാളും വിലയുള്ളതാകുന്നു. ഇത് ഉറപ്പുള്ള ഊഷ്മളമായ ഒരു കൂട്ടു സഖിത്വം ആകുന്നു. ഇവിടെ പങ്കുവെയ്ക്കൽ ഉണ്ട്. ഹൃദയങ്ങളുടെ കൈമാറ്റം ഉണ്ട്. സ്നേഹമുണ്ട്. കരുതലുണ്ട്. എത്ര വാക്കുകളിൽ പറഞ്ഞാലും തീരാത്ത ദൃഢമായ കർത്താവിന്റെ സ്നേഹത്തിന്റെ മുമ്പാകെ നമുക്ക് മുട്ടു മടക്കാം. അതേ, യേശുകർത്താവിന്റെ മക്കളായി, സ്നേഹിതന്മാരായി നാം തീർന്നു. ഈ വിളിക്ക് ഇന്നു നാം യോഗ്യരാണോയെന്ന് ഒന്നു കൂടി പരിശോധിക്കാം. പിതാവ് പറഞ്ഞതൊക്കെ അവൻ നമ്മോട് അറിയിച്ചതാണ്. അങ്ങനെയെങ്കിൽ അവൻ പറഞ്ഞതുപോലെ ജീവിതം വിട്ടുകൊടുക്കാനും ദൈവത്തോടു ശത്രുത്വം ആയിരുന്ന എന്റെ ജീവിതത്തെ സ്നേഹിതന്മാർ എന്ന ഗണത്തിൽ ഉൾപ്പെടുത്തി സമർപ്പണത്തോടെ ജീവിക്കാനും കഴിഞ്ഞിട്ടുണ്ടോ. ഇതൊരു വലിയ പദവി ആകുന്നു. സ്വർഗ്ഗീയമായ ഒരു പദവിയെന്നുതന്നെ പറയാം. വാഗ്ദത്തം തന്ന പരിശുദ്ധാത്മാവിനെ അനുസരിച്ചുകൊണ്ട് അവന്റെ സ്നേഹിതൻമാരായി നമുക്ക് ജീവിക്കാം. സന്തോഷത്തോടെ, പ്രത്യാശയോടെ,

ആയിരിക്കാം. 'കാരണം നാം ഇനി ദാസന്മാർ അല്ല, കർത്താവിന്റെ സ്നേഹിതന്മാർ' ആകുന്നു.

പരാമർശം :

സദൃശവാക്യങ്ങൾ 17:17

സ്നേഹിതൻ എല്ലാകാലത്തും സ്നേഹിക്കുന്നു; അനർത്ഥകാലത്തു അവൻ സഹോദരനായ്ത്തീരുന്നു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 106